(ബി) ദേശീയ സ്കൂൾ കായികമേളയിൽ നാലാമതെത്തിയ കേരള ടീമിന്റെ മുഖ്യ ശിക്ഷകന്റെ സർവ്വീസ് ദീർഘിപ്പിച്ചുനൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് ദേശീയ സ്കൂൾ കായികമേളയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കൈവരിച്ച എല്ലാ കായികതാരങ്ങൾക്കും 1500 രൂപ, 1000 രൂപ, 500 രൂപ എന്നീ ക്രമത്തിൽ പ്രോത്സാഹന സമ്മാനമായി നൽകുകയുണ്ടായി.

(ബി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

26 (467) ആട്ടുകാൽ യു.പി. സ്കൂളിലെ സാമൂഹ്യ വിരുദ്ധരുടെ ശല്യം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ആട്ടുകാൽ യു.പി. സ്കൂളിൽ സാമൂഹ്യവിരുദ്ധർ പ്രാവിനെ വെടിവച്ചുകൊന്ന സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഇപ്രകാരം അക്രമം കാട്ടിയവർ ആരെല്ലാമാണെന്ന് അന്വേഷിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഈ പരാതികളിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഈ സ്കൂളിൽ 4.2.2000-ൽ സ്കൂൾ സംരക്ഷണ യോഗം വിളിച്ചു കൂട്ടുകയുണ്ടായോ;

(ഇ) ആരാണ് യോഗം വിളിച്ചുകൂട്ടിയത്;

(എഫ്) ഈ യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രാവിനെ വെടിവച്ചു കൊന്നിട്ടില്ലെന്ന് നെടുമങ്ങാട് എ.ഇ.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നുണ്ട്.

(ബി) അന്വേഷണം നടക്കുന്നതേയുള്ളൂ.

(സി) സ്കൂൾ സംരക്ഷണ സമിതിയിൽ നിന്നുള്ള പരാതികൾ നെടുമങ്ങാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ലഭിച്ചിട്ടുണ്ട്. ഈ പരാതികളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ടായി.

(ഇ) ആട്ടുകാൽ ഗവൺമെന്റ് യു.പി. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി സരസ്വതി അമ്മാൾ.

(എഫ്) ബഹളം നിമിത്തം യാതൊരു തീരുമാനവും എടുക്കാതെ യോഗം പിരിയുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly